B3/36844/2023/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 04.10.2023

**പരിപത്രം**

വിഷയം:- കോ .വി വ - ജീവനക്കാര്യം - സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ -യു .ജി .സി മാനദണ്ഡങ്ങൾ പ്രകാരം --പ്രിൻസിപ്പാൾ നിയമനം നടത്തുന്നതിലേക്ക് പ്രൊപോസൽ ലഭ്യമാക്കുന്നത് - -സംബന്ധിച്ച്

സൂചന :- 1. 03.08.2023 തീയ്യതിയിലെ ബഹു കെ എ ടി യുടെ O.A 828/2023 കേസിന്മേലുള്ള ഉത്തരവ്.
2. 08.08.2023 തീയ്യതിയിലെ എഫ് 1 / 124 / 2023 / ഉ വി വ നമ്പർ സർക്കാർ കത്ത്.

*********

ഈ കാര്യാലയത്തിന്റെ ഭരണ നിയന്ത്രണത്തിലുള്ള സർക്കാർ ആർട് സ് & സയൻസ് കോളേജുകളിൽ പ്രിൻസിപ്പാൾ നിയമനം നടത്തുന്നതിലേക്ക് യു.ജി.സി റെഗുലേഷൻസ് 2018, വകുപ്പ് സ്പെഷൽ റൂൾ എന്നിവ പ്രകാരം യോഗ്യരായ സർക്കാർ കോളേജ് അദ്ധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. പ്രിൻസിപ്പാൾ നിയമനത്തിന് ആവശ്യമായ യോഗ്യതകൾ ഉള്ള, സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ 15 വർഷത്തിൽ കുറയാതെ സർവീസുള്ള അദ്ധ്യാപകർ ആയതിലേക്കുള്ള പ്രൊപോസൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. പ്രൊപോസലിന്റെ മാതൃകയുടെ സോഫ്റ്റ് കോപ്പി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. ടി സോഫ്റ്റ് കോപ്പി ഡൌൺലോഡ് ചെയ്ത് നിലവിൽ സേവനം അനുഷ്ഠിക്കുന്ന കോളേജിലെ IQAC കോ ഓർഡിൻറ്റർ ന്റെ സാക്ഷ്യപ്പെടുത്തൽ ഉൾപ്പടെ പ്രിൻസിപ്പാൾ മുഖാന്തിരം പ്രൊപോസൽ ലഭ്യമാക്കേണ്ടതാണ്. പ്രൊപ്പോസലുകൾ ഈ കാര്യാലയത്തിൽ 31.10.2023 ന് മുൻപായി ലഭ്യമാക്കേണ്ടതാണ്. 03.08.2023 തീയ്യതിയിലെ ബഹു കെ.എ.ടി യുടെ O.A 828/2023 കേസിന്മേലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 23.08.2023 ലെ സ. ഉ (സാധാ) നം .1320/2023/ഉ.വി.വ ഉത്തരവ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിൽ പ്രൊവിഷണൽ പ്രൊമോഷൻ നൽകി നിയമിച്ചിട്ടുള്ള അദ്ധ്യാപകരും പുതിയ പ്രൊപോസൽ സമർപ്പിച്ച് സെലക്ഷൻ നടപടിക്രമങ്ങളിൽ പങ്കെടുക്കേണ്ടതുമാണ്. പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള നിയമനം ബഹു കെ എ ടി യുടെ പരിഗണനയിലുള്ള O.A 828/2023, O.A 1233/2023 മറ്റ് അനുബന്ധ കേസിന്മേലുള്ള അന്തിമ ഉത്തരവിന് വിധേയമായിരിക്കും.

ഉള്ളടക്കം :പ്രൊപോസൽ മാതൃക.

Approval Valid

Digitally Approved By
സുധീർ. കെ ഐ.എ.എസ്സ്
Date: 04.10.2023
Reason: Approved

ഒപ്പ്/-
**സുധീർ. കെ ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ